**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ദേശസാൽകൃത റൂട്ടുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.<br><br>എന്നാൽ യാത്രായോഗ്യവും വാഹന സൗകര്യങ്ങൾ ഇല്ലാത്തതുമായ റൂട്ടുകളിൽ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കായി ഓരോ നിയോജക മണ്ഡലതലത്തിലും ജനസദസ്സുകൾ വഴി ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രസ്തുത റൂട്ടുകളുടെ ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു വരുന്നു. |
| (ബി) | ദീർഘദൂര, ഹ്രസ്വദൂര ദേശസാൽകൃത റൂട്ടുകൾ സ്വകാര്യ സംരംഭകർക്ക് ടെൻഡർ മുഖേന വാടകയ്ക്ക് നൽകി കെ.എസ്.ആർ.ടി.സി.യുടെ സ്ഥിര വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ ആലോചനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ